ഉച്ചഭക്ഷണം വീട്ടിലേക്ക് പരിപാടി

21 [459] *ശ്രീ. പി. കെ. അബ്ദുറബ്ബ്:*
,, സി. ടി. അഹമ്മദ് അലി:
,, പി. കെ. കെ. ബാവ:
,, സി. മോയിൻകുട്ടി:
,, ഇസ്ഹാക് കുരിക്കൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉച്ചഭക്ഷണം വീട്ടിലേക്ക് പരിപാടി സംസ്ഥാനത്തൊട്ടാകെ നടപ്പാക്കാൻ ഗവൺമെന്റ് തീരുമാനമെടുത്തിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് പൂർണ്ണമായും നടപ്പിൽവരുത്തുന്നതിന് സമയപരിധി നിശ്ചയിച്ചിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) & (ബി) ഉച്ചഭക്ഷണം വീട്ടിലേക്ക് കൊടുത്തുവിടുന്ന ടേക്ക് ഹോം റേഷൻ സ്ട്രാറ്റജി (റ്റി.എച്ച്.ആർ.എസ്.) എന്ന പദ്ധതി സംസ്ഥാനത്തൊട്ടാകെ നടപ്പാക്കുന്ന കാര്യം സർക്കാരിന്റെ സജീവപരിഗണനയിലാണ്.

വ്യവസായമേഖല നേരിടുന്ന പ്രതിസന്ധി പരിഹരിക്കാൻ നടപടി

22 [460] *ശ്രീ. വി. കെ. ചന്ദ്രൻ:*
,, രാജു എബ്രഹാം:
,, കെ. പി. സതീശ് ചന്ദ്രൻ:
,, വി. കെ. സി. മമ്മത് കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പരമ്പരാഗത വ്യവസായമേഖല നേരിടുന്ന പ്രതിസന്ധി പരിഹരിക്കുവാൻ സർക്കാർ നടപടി സ്വീകരിക്കുമോ;

(ബി) യു.ഡി.എഫ്. സർക്കാർ ഇതിനകമുള്ള ബഡ്ജറ്റുകളിൽ പരമ്പരാഗത വ്യവസായമേഖലയ്ക്ക് പ്രഖ്യാപിച്ച പദ്ധതികളിൽ നടപ്പാക്കിയിട്ടില്ലാത്തവ ഏതൊക്കെയാണ്;

(സി) സർക്കാർ നടപടികളുടെ ഭാഗമായി പരമ്പരാഗത വ്യവസായമേഖലയിൽ വളർച്ച പ്രാപിച്ച വ്യവസായങ്ങൾ ഏതെല്ലാം;

(ഡി) പരമ്പരാഗത വ്യവസായങ്ങളെ തകർച്ചയിൽനിന്നും രക്ഷിക്കുന്നതിനും പുനരുദ്ധരിക്കുന്നതിനുമായി നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ വിശദമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാനത്തെ പ്രധാന പരമ്പരാഗത വ്യവസായമേഖലകളായ കയർ, കൈത്തറി, കശുവണ്ടി, കരകൗശലം, ഖാദി, ബാംബു എന്നീ മേഖലകളിൽ പ്രതിസന്ധി നേരിടുമ്പോൾ അവ പരിഹരിക്കുവാൻ നടപടികൾ സ്വീകരിച്ച് നടപ്പിലാക്കി വരുന്നു.

(ബി) കയർ, കൈത്തറി, കശുവണ്ടി, ഖാദി, ബാംബു എന്നീ മേഖലകളിൽ പ്രഖ്യാപിച്ചിട്ടുള്ള എല്ലാ പദ്ധതികളും നടപ്പിലാക്കിയിട്ടുണ്ട്.

കരകൗശല മേഖലയിൽ, കേന്ദ്ര സർക്കാരിന്റെ സഹായത്തോടെ നടപ്പിലാക്കാൻ ഉദ്ദേശിച്ച അർബൻ ഹാത്ത് (കേരൾ ഹാത്ത്) പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ആയതിലേക്ക് സംസ്ഥാനവിഹിതമായി 67 ലക്ഷം രൂപ അനുവദിക്കുകയും ചെയ്തു.

(സി) കയർ മേഖല വളർച്ച പ്രാപിച്ചിട്ടുണ്ട്. കഴിഞ്ഞ സാമ്പത്തികവർഷം രാജ്യത്തെ കയറുൽപ്പന്നങ്ങളുടെ കയറ്റുമതി മുൻവർഷത്തെ 407 കോടി രൂപയിൽനിന്നും 473 കോടി രൂപയായി വർദ്ധിച്ചു. കൈത്തറി വ്യവസായം പൊതുവിൽ വളർച്ച പ്രാപിച്ചുവരുന്നുണ്ട്. ഖാദി, കശുവണ്ടി മേഖലയിൽ പരിമിതമായ തോതിൽ പുരോഗതി ഉണ്ടായിട്ടുണ്ട്. കശുവണ്ടി മേഖലയിൽ ഇപ്പോൾ തുടർച്ചയായി തൊഴിൽ നൽകിവരുന്നുണ്ട്.

(ഡി) കയർ മേഖലയിൽ സാധാരണ നടപ്പിലാക്കുന്ന പദ്ധതികൾക്കു പുറമേ കയർ ഭൂവസ്ത്ര വികസന പരിപാടി, കയർ മേഖലയുടെ സമ്പൂർണ്ണ വികസനത്തിനായി ഒരു ദേശീയ കയർ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുക, തൊണ്ട്, പകിരി സംഭരിക്കുന്നതിനുള്ള ധനസഹായം, മോഡൽ കയർ ഗ്രാമങ്ങൾ സ്ഥാപിക്കൽ, യന്ത്രവൽക്കരണ സ്വയംസഹായ സംഘങ്ങൾക്കു ധനസഹായം എന്നിവ നടപ്പാക്കിവരുന്നു.

കൈത്തറി മേഖലയിൽ ബാലരാമപുരത്ത് ഹാൻലൂം പ്രോഡക്റ്റ് ഡെവലപ്മെന്റ് സെന്റർ കണ്ണൂരിൽ കൃതിക, തിരുവനന്തപുരത്ത് തനിമ, പാലക്കാട്, എറണാകുളം ജില്ലകളിലായി പ്രതിഭ എന്നീ പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. എൻ.ഐ.എഫ്.ടി. ചെന്നൈയുടെ സഹായത്തോടെ കോഴിക്കോട് ഡെവലപ്മെന്റ് ഓഫ് ക്രാഫ്ട് ടെക്സ്റ്റൈൽ ക്ലസ്റ്റർ എന്ന പ്രോജക്ടും നടപ്പിലാക്കുന്നുണ്ട്. കൂടാതെ, കണ്ണൂരിനെ ടൗൺ ഓഫ് എക്സ്പോർട്ട് എക്സലൻസായി പ്രഖ്യാപിച്ചതിന്റെ അടിസ്ഥാനത്തിൽ കോഴിക്കോട്ടെ ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റിന്റെ സഹായത്തോടെ ഒരു പ്രോജക്ട് നടപ്പിലാക്കിവരുന്നു.

കശുവണ്ടി, ഖാദി, ബാംബു എന്നീ മേഖലകളിൽ പ്രത്യേകമായ പുനരുദ്ധാരണ പദ്ധതികൾ ഇപ്പോൾ നിലവിലില്ല.

കരകൗശല മേഖലയുടെ വികസനത്തിനായി 1960 ലക്ഷം രൂപയുടെ ഒരു സമഗ്ര പദ്ധതി സർക്കാരിന്റെ പരിഗണനയിലാണ്.

LIBRARY ARCHIVES Kerala Legislative Assembly